**പതിനാലാം കേരള നിയമസഭ**
**നാലാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിട്ട**
**ചോദ്യം നമ്പർ : *67**

01.03.2017-ൽ
മറുപടിയ്ക്ക്

**എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിന് നടപടി**

| ചോദ്യം | ഉത്തരം |
| --- | --- |
| ശ്രീ.കെ.ജെ.മാക്സി<br>ശ്രീ.എ.എം.ആരിഫ്<br>ശ്രീ.കാരാട്ട് റസാഖ്<br>ശ്രീ.എ.എൻ.ഷംസീർ: | ശ്രീ.റ്റി.പി.രാമകൃഷ്ണൻ<br>(തൊഴിലും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) എക്സൈസ് വകുപ്പ് ശക്തിപ്പെടുത്തുന്നതിനും നവീകരിക്കുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | (എ) **1.** എക്സൈസ് വകുപ്പിലെ എൻഫോഴ്സ് മെന്റ് പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനായി 10 വർഷത്തിലധികം പഴക്കമുള്ള വാഹനങ്ങൾ മാറ്റി പുതിയ 6 ബൊലേറോ ജീപ്പുകൾ വാങ്ങിഫീൽഡ് ആഫീസുകൾക്ക് വിതരണം ചെയ്തിട്ടു ണ്ട്.<br>**2.** പ്രവർത്തനരഹിതമായിട്ടുള്ള 25 കമ്പ്യൂട്ടറുകൾ മാറ്റി പുതിയത് വാങ്ങുവാൻ അനുമതി നൽകിയിട്ടുണ്ട്.<br>**3.** എക്സൈസ് ചെക്ക് പോസ്റ്റുകൾ ശക്തിപ്പെടുത്തുന്നതിന്റെ ഭാഗമായി 10 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ പുതുതായി വേയിംഗ് മെഷിൻ വാങ്ങി |

യിട്ടുണ്ട്.

4. മാനന്തവാടി ജനമൈത്രി എക്സൈസ് സ്ക്വാഡിന്റെ ഉപയോഗത്തിനായി ഒരു പുതിയ ബൊലേറോ ജീപ്പ് വാങ്ങി നൽകിയിട്ടുണ്ട്.

5. ജില്ലാ അധികാരികളായ 14 ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെ ഉപയോഗത്തിന് 14 പുതിയ വാഹനങ്ങൾ വാങ്ങുവാനും ജോയിന്റ് എക്സൈസ് കമ്മീഷണർമാരുടെയും ഡെപ്യൂട്ടി എക്സൈസ് കമ്മീഷണർമാരുടെയും ഉപയോഗത്തിന് 9 പുതിയ ലാപ്ടോപ്പുകൾ വാങ്ങുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

6. എക്സൈസ് ഫീൽഡ് ആഫീസുകൾ ശക്തിപ്പെടുത്തുന്നതിനായി നൂറ്റിഅറുപത് എണ്ണം 7.62 എം. എം (എസ്. എൽ. ആർ) റൈഫിളും 16,000 കാട്രിഡ്ജും വാങ്ങുന്നതിന് എക്സൈസ് കമ്മീഷണർ സമർപ്പിച്ച പ്രൊപ്പോസൽ സർക്കാർ പരിശോധിച്ച് വരുന്നു.

7. ഇടുക്കി, മലപ്പുറം ജില്ലകളിലെ ആദിവാസി മേഖലകളിൽ മദ്യത്തിന്റെയും മയക്കു മരുന്നിന്റെയും ഉപയോഗത്തിനെതിരെ നിരന്തരമായി ബോധവൽക്കരണം നടത്തുന്നതിനും ശക്തമായ എൻഫോഴ്സ്മെന്റ് പ്രവർത്തനം നടത്തുന്നതിനും

ദേവികുളത്തും നിലമ്പൂരും ഓരോ ജന മൈത്രി എക്സൈസ് സ്ക്വാഡ് ആഫീസുകൾ രൂപീകരിക്കുന്ന കാര്യം പരിശോധിച്ച വരുന്നു.

**8.** എക്സൈസ് വകുപ്പിലെ മേജർ കേസുകളുടെ അന്വേഷണം സമയബന്ധിതമായി തീർപ്പാക്കുന്നതിനുവേണ്ടി, ക്രൈം ബ്രാഞ്ച് വിഭാഗം രൂപീകരിക്കുന്നതി ന് ഉദ്ദേശിക്കുന്നു. പുതുതായി രൂപീകരിച്ച താലൂക്കുകളിലെ എൻഫോഴ്സ്മെന്റ് പ്രവർത്തനം കാര്യക്ഷമമാക്കുന്നതിനുവേ-ണ്ടി ടി താലൂക്കുകളിൽ സർക്കിൾ ആഫീസുകൾ അനുവദിക്കാനുള്ള നിർദ്ദേശവും അയൽസംസ്ഥാനവുമായി അതിർത്തി പങ്കിടുന്ന ജില്ലകളിലെ പ്രദേശങ്ങളിൽ പരിശോധനകളും പട്രോളിംഗും ശ ക്തമാക്കുന്നതിലേക്കായി ബോർഡർ പട്രോളിംഗ് യൂണിറ്റുകൾ സ്ഥാപിക്കുന്നതിനുള്ള നിർദ്ദേശവും സർക്കാർ പരിശോധിച്ചുവരുന്നു.

**9.** വകുപ്പ് നൽകുന്ന സേവനങ്ങളുടെ ഭാഗമായി സേവനാവകാശ നിയമത്തിലുൾപ്പെട്ട 26 സേവനങ്ങളിൽ 22 എണ്ണം ഓൺ ലൈനാക്കുവാൻ തീരുമാനിച്ചി ട്ടുണ്ട്. ആയതിൽ 16 എണ്ണം പൂർണ്ണമായും ഓൺ ലൈൻ

ആക്കിയിട്ടു ണ്ട് ബാക്കിയുളളവ ഓൺ ലൈൻ ആക്കുന്നതിനു വേണ്ട നടപടികൾ നടന്നു വരുന്നു.

10. ഇ- സർവ്വീസ് സിസ്റ്റം കാര്യക്ഷമമായി നടത്തുന്നതിന് എക്സൈസ് ഫീൽഡ് ഓഫീസുകളുടെ ഉപയോഗത്തിനായി 63 കമ്പ്യൂട്ടർ 18 ഓൺലൈൻ യു.പി.എസ് എന്നിവ വാങ്ങുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

11. 2016-17 സാമ്പത്തിക വർഷത്തിൽ പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി എക്സൈസ് ക്രൈം റെക്കോഡ്സ് ബ്യൂറോയുടെ ഉപയോഗത്തിന് ഒരു വെബ് അധിഷ്ഠിത ആപ്ലിക്കേഷൻ സോഫ്റ്റ് വെയർ നിർമ്മിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്.

12 2016 - 17 സാമ്പത്തിക വർഷത്തിൽ എക്സൈസ് അക്കാഡമി നവീകരിക്കുന്നതിന്റെ ഭാഗമായി പ്ലാൻ ഫണ്ടിൽ ഉൾപ്പെടുത്തി 2 കോടി രൂപ അനുവദിച്ചിട്ടു ണ്ട്.

| | | | |
|---|---|---|---|
| (ബി) | ഇതിനായി എക്സൈസ് വകുപ്പിൽ ജീവനക്കാരുടെ എണ്ണം വർദ്ധിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോ; വനിതാ ജീവനക്കാരുടെ | (ബി) | ഇക്കാര്യത്തിൽ എക്സൈസ് കമ്മീഷണർ സമർപ്പിച്ച സമഗ്രമായ റിപ്പോർട്ട് സർക്കാർ പരിശോധിച്ച് വരുന്നു. |

എണ്ണം വർദ്ധിപ്പിക്കാൻ
നടപടി സ്വീകരിച്ചിട്ടുണ്ടോ ;

(സി) ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം കാര്യക്ഷമവും അഴിമതിരഹിതവും ആക്കുന്നതിന് സ്വീകരിക്കാനുദ്ദേശിക്കുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(സി) 1. എക്സൈസ് ചെക്ക് പോസ്റ്റുകളിൽ കണ്ടെയ്നർ മോഡ്യൂൾ സ്ഥാപിക്കുവാൻ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിന്റെ അ ടിസ്ഥാനത്തിൽ നിർമ്മിതി കേന്ദ്രത്തിന് വർക്ക് ഓർഡർ നൽകി അവ സ്ഥാപിക്കുന്ന നടപടി പുരോഗമിച്ചു വരുന്നു.

2. 25 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ എൽ.ഇ.ഡി ഹൈമാസ്റ്റ് ലാമ്പ് സ്ഥാപിക്കുന്നതിനും മുത്തങ്ങ ചിന്നാർ എന്നീ എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സോളാർ ലൈറ്റിംഗ് സിസ്റ്റം സ്ഥാപിക്കുന്നതിനും ഭരണാനുമതി നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ അനർട്ടുമായി ബന്ധപ്പെട്ട് സോളാർ എൽ.ഇ.ഡി. ഹൈമാസ്റ്റ് ലാമ്പും സോളാർ ലൈറ്റിംഗ് സിസ്റ്റവും സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

3. 14 എക്സൈസ് ചെക്ക് പോസ്റ്റുകളിൽ സി.സി റ്റി.വി ക്യാമറ സ്ഥാപിക്കുന്നതിന് സർക്കാരിൽ നിന്ന് ഭരണാനുമതി നൽകിയിട്ടുണ്ട്.

| | | | |
|---|---|---|---|
| (ഡി) | ജനമൈത്രി എക്സൈസ് സംവിധാനം എല്ലാ ജില്ലകളിലേക്കും വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ; വിശദമാക്കാമോ? | (ഡി) | വയനാട് ജില്ലയിലെ മാനന്തവാടി, പാലക്കാട് ജില്ലയിലെ അട്ടപ്പാടി എന്നിവിടങ്ങളിൽ ജനമൈത്രി എക്സൈസ് സ്ക്വാഡ് സ്ഥാപിച്ചിട്ടുള്ളതാണ്. മലപ്പുറം ജില്ലയിലെ നിലമ്പൂരും ഇടുക്കി ജില്ലയിലെ ദേവികുളത്തും ജനമൈത്രി എക്സൈസ് ഓഫീസുകൾ ആരംഭിക്കുന്ന കാര്യം പരിശോധിച്ചു വരുന്നു. |

Sreedevi

സെക്ഷൻ ഓഫീസർ.